**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4825** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഡിവിഷൻ ഓഫീസിലെ ഒഴിവുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ ഡിവിഷൻ ഓഫീസിൽ നിന്നും ചീഫ് എഞ്ചിനീയറുടെ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുന്ന സിവിൽ ഓവർസിയർ ഗ്രേഡ്-III തസ്തികയിലെ ഒഴിവുകളുടെ എണ്ണവും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും വകുപ്പിലേക്ക് റിപ്പോർട്ട് ചെയ്യുന്ന അതേ ഡിവിഷനിലെ സമാന തസ്തികയിലെ ഒഴിവുകളുടെ എണ്ണവും തമ്മിൽ വ്യത്യാസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് അറിയിക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ ഓവർസീയർ ഗ്രേഡ്-3 തസ്തികയുടെ നിയമന പ്രക്രിയ സംസ്ഥാന തലത്തിൽ ഉള്ളതാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും നിയമനം നടത്തുന്നതും സംസ്ഥാന തലത്തിൽ ആണ്, ജില്ലാ തലത്തിലോ ഡിവിഷൻ തലത്തിലോ അല്ല. ടി തസ്തികയിലെ നിയമനം, സ്ഥലം മാറ്റം എന്നിവയെല്ലാം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കേന്ദ്രീകൃത സ്വഭാവത്തിലാണ് ചെയ്തുവരുന്നത്. ഓരോ കാര്യാലയങ്ങളിലെയും സാങ്ഷൻഡ് സ്ട്രെങ്ത് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തു വരുന്നത്.<br><br>പ്രൊമോഷൻ, മറ്റു ജോലി ലഭിച്ച് പിരിഞ്ഞുപോകൽ, ട്രാൻസ്ഫർ, ചട്ടപ്രകാരമുള്ള നീണ്ടകാലത്തെ ശൂന്യ വേതന അവധി എന്നിവ നിമിത്തം വിവിധ കാര്യാലയങ്ങളിൽ ഓരോ സമയത്തും ഉണ്ടാകുന്ന ഒഴിവുകൾ സംബന്ധിച്ച കൃത്യമായ വിവരം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആണ് സൂക്ഷിക്കുന്നത്. ലഭ്യമായ ഒഴിവുകൾ കണ്ടെത്തി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നടത്തുന്നതും, ശൂന്യ വേതന അവധി കഴിഞ്ഞു തിരിച്ചുവരുന്നവരെ സംസ്ഥാനാടിസ്ഥാന ത്തിൽ ഒഴിവുള്ളയിടങ്ങൾ കണ്ടെത്തി പുനർ നിയമിക്കുന്നതും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നാണ്. ആയതിനാൽ മേൽപ്പറഞ്ഞ ഒഴിവുകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഡിവിഷൻ/ജില്ലാ തലത്തിലുള്ള കാര്യാലയങ്ങളിൽ പലപ്പോഴും ലഭ്യമായിരിക്കുകയില്ല. |

| | | | |
|---|---|---|---|
| | | | ഇത് കൂടാതെ, സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓവർസീയർ ഗ്രേഡ്-3 തസ്തികയിൽ SC/ST സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്തുന്നതിലേക്കായി 83 ഒഴിവുകൾ 2018-ൽ തന്നെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. റിപ്പോർട്ട് ചെയ്യപ്പെട്ട പ്രസ്തുത 83 ഒഴിവുകളും ഭരണ സൗകര്യാർത്ഥം സംസ്ഥാനത്തെ വിവിധ കാര്യാലയങ്ങളിൽ വിന്യസിച്ചിരിക്കുന്നുണ്ടായിരുന്നു. നേരത്തെ തന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ ആകയാൽ ഇവ വീണ്ടും റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയില്ല. സംസ്ഥാനാടിസ്ഥാനത്തിലുള്ള നിയമനമായതിനാൽ, ഓരോയിടത്തെയും അപ്പോഴത്തെ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ ടി ഒഴിവുകൾ പലപ്പോഴും വിവിധ കാര്യാലയങ്ങളിലേക്ക് മാറ്റി നിലനിർത്തിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച വിഷയങ്ങൾ ഡിവിഷൻ തലത്തിൽ ലഭ്യമാകണമെന്നില്ല.<br><br>സംസ്ഥാനത്തെ വിവിധ കാര്യാലയങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന ഓവർസീയർ ഗ്രേഡ്-3 തസ്തികയിൽ അടിയന്തിര പ്രാധാന്യത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നേരത്തെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾക്ക് പുറമെ പുതുതായി ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. SC/ST സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്തേണ്ട 83 ഒഴിവുകളിലേക്ക് പി.എസ്.സി നിയമന ശുപാർശ നൽകിയതിനെ തുടർന്ന് ഇക്കഴിഞ്ഞ 2022 ജൂൺ മാസത്തിൽ 83 പേർക്കും നിയമന ഉത്തരവ് നല്കിക്കഴിഞ്ഞിട്ടുണ്ട്. ഈ 83 പേർ വിവിധ കാര്യാലയങ്ങളിലെ നിലവിലുള്ള ഒഴിവുകളിൽ ജോലിയിൽ പ്രവേശിക്കുന്ന നടപടികൾ നടന്നു വരികയാണ്. ടി തസ്തികയിലുണ്ടാകുന്ന NJD/ പുതിയ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ബി) | സിവിൽ വിഭാഗത്തിൽ സി.ഇ., എസ്.ഇ., ഇ.ഇ., എ.ഇ.ഇ., എ.ഇ., ഓവർസിയർ ഗ്രേഡ് I, II, III തസ്തികകളിൽ പ്രൊമോഷൻ വഴിയോ നേരിട്ടോ നികത്തപ്പെടേണ്ടതായ ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ? | (ബി) | ചീഫ് എഞ്ചിനീയർ - 1<br><br>സൂപ്രണ്ടിംഗ് എഞ്ചിനീയർ - ഒഴിവുകൾ നിലവിലില്ല.<br><br>എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 8<br><br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) - 22<br><br>അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - പ്രമോഷൻ വഴി നികത്തേണ്ട ഒഴിവ് - 21<br><br>നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ- 4 |

| | | | |
|---|---|---|---|
| | | | ഓവർസീയർ ഗ്രേഡ് 1 - നേരിട്ട് നികത്താനുള്ള ഒഴിവുകളുടെ എണ്ണം - 21<br><br>സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ- 28<br><br>ഓവർസീയർ ഗ്രേഡ് 2 - സ്ഥാനക്കയറ്റം വഴി നികത്താനുള്ള ഒഴിവുകളുടെ എണ്ണം - ഇല്ല.<br><br>നേരിട്ട് നികത്താനുള്ള ഒഴിവുകളുടെ എണ്ണം - 139<br><br>ഓവർസീയർ ഗ്രേഡ് 3 തസ്തികയിലെ ഒഴിവുകൾ നേരിട്ട് നികത്തപ്പെടേണ്ടവയാണ്. നിലവിൽ ഓവർസീയർ ഗ്രേഡ് 3 തസ്തികയിലെ ഒഴിവുകളുടെ എണ്ണം - 26 (ജനറൽ-19, SC/ST സ്പെഷ്യൽ റിക്രൂട്ട്മെന്റ് NJD- 7) |

സെക്ഷൻ ഓഫീസർ